**കേരള സർക്കാർ**

**നം.ഡി.എ 1/553/2018/ തസ്വഭവ(1)**

തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്,
തിരുവനന്തപുരം, തീയതി : 30.07.2018

## **സർക്കുലർ**

വിഷയം:-തദ്ദേശ സ്വയംഭരണ വകുപ്പ്- വാർഷിക പദ്ധതി ഭേദഗതിക്ക് ജില്ലാ ആസൂത്രണസമിതി സെക്രട്ടേറിയറ്റിൽ നിന്ന് അനുമതി വാങ്ങുകയും തിരികെ ജില്ലാ ആസൂത്രണസമിതിക്ക് സമർപ്പിക്കാൻ കഴിയാത്തതുമായ തദ്ദേശഭരണ സ്ഥാപനങ്ങൾക്കുള്ള ക്രമീകരണം -സംബന്ധിച്ച്

സൂചന:- 1) വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ 27.06.18 - ൽ കൂടിയ യോഗത്തിന്റെ പൊതു വിഷയ തീരുമാനം നമ്പർ 3.7

2) വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ 18.07.18 - ൽ കൂടിയ യോഗത്തിന്റെ പൊതു വിഷയ തീരുമാനം നമ്പർ 3.2

=================

2018- 19-ലെ വാർഷിക പദ്ധതി സ്പിൽഓവർ പ്രോജക്ടുകൾ കൂടി ഉൾപ്പെടുത്തി അന്തിമമാക്കി ജില്ലാ ആസൂത്രണസമിതിക്ക് സമർപ്പിക്കാനുള്ള അവസാന തീയതി സൂചന(1)പ്രകാരം 15.07.2018 ആയിരുന്നു. അപൂർവ്വം തദ്ദേശഭരണ സ്ഥാപനങ്ങൾ ഒഴിച്ച് എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങളും അന്തിമ വാർഷിക പദ്ധതി ജില്ലാ ആസൂത്രണസമിതിക്ക് സമർപ്പിച്ചിട്ടുണ്ട് എന്ന് സൂചന (2) ലെ യോഗം വിലയിരുത്തുകയുണ്ടായി. എന്നാൽ വാർഷിക പദ്ധതി ഭേദഗതിക്ക് ജില്ലാ ആസൂത്രണസമിതി സെക്രട്ടേറിയറ്റിൽ നിന്ന് അനുമതി വാങ്ങുകയും തിരികെ ജില്ലാ ആസൂത്രണസമിതിക്ക് സമർപ്പിക്കാൻ കഴിയാത്തതുമായ തദ്ദേശഭരണ സ്ഥാപനങ്ങൾ സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്(എസ്.ആർ.ജി.) മുഖേന ഇൻഫർമേഷൻ കേരള മിഷൻ (ഐ.കെ.എം.)നെ അറിയിക്കുന്ന മുറയ്ക്ക് അത്തരം തദ്ദേശഭരണ സ്ഥാപനങ്ങൾക്കു മാത്രം അതിനുള്ള ക്രമീകരണം സുലേഖ സോഫ്റ്റ് വെയറിൽ ചെയ്യുന്നതാണ്. ഇവ എസ്.ആർ.ജി. ഓഫീസിൽ പരിശോധിച്ച് ഐ.കെ.എം.-ന് നൽകേണ്ടതാണ്. കാലതാമസമൊഴിവാക്കി ഈ നടപടിക്രമം പൂർത്തിയാക്കേണ്ടതാണ്.

പാറ്റ്സി സ്റ്റീഫൻ
ജോയിന്റ് സെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണം, തിരുവനന്തപുരം
എല്ലാ ജില്ലാ പ്ലാനിംഗ് ഓഫീസർമാർക്കും
എല്ലാ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർക്കും (പഞ്ചായത്ത് ഡയറക്ടർ മുഖേന)
എല്ലാ ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും (പഞ്ചായത്ത് ഡയറക്ടർ മുഖേന)

എല്ലാ ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
എല്ലാ ജില്ലാ ആസൂത്രണ സമിതി ചെയർപേഴ്സൺമാർക്കും
എല്ലാ കോർപ്പറേഷൻ മേയർമാർക്കും സെക്രട്ടറിമാർക്കും
എല്ലാ മുൻസിപ്പാലിറ്റി ചെയർപേഴ്സൺമാർക്കും/സെക്രട്ടറിമാർക്കും } (നഗരകാര്യ ഡയറക്ടർ മുഖേന)
എല്ലാ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും- ഗ്രാമവികസനകമ്മീഷണർ മുഖേന
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
സ്റ്റേറ്റ് പെർഫോർമൻസ് ഓഡിറ്റ് ഓഫീസർ, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം. തിരുവനന്തപുരം
ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്, തിരുവനന്തപുരം
കരുതൽ ഫയൽ / ഓഫീസ് കോപ്പി

**പകർപ്പ്:-** തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എ.യ്ക്ക്
തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ സെക്രട്ടറിയുടെ പി.എ.യ്ക്ക്

**ഉത്തരവിൻ പ്രകാരം**

(ഒപ്പ്)

**സെക്ഷൻ ഓഫീസർ**